# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 09-09.2024**

### പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. അഞ്ച് കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവെച്ചു.

2. ലോക ബാങ്ക് വിദഗ്ദ്ധ സമിതി അംഗങ്ങൾ മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തി. ജോലിസാദ്ധ്യത, പാരിസ്ഥിതിക സുസ്ഥിരത തുടങ്ങിയവ ഉറപ്പാക്കുന്ന പദ്ധതികൾ സർക്കാർ സ്വാഗതം ചെയ്യുന്നതായി മുഖ്യമന്ത്രി.

3. സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും ഓണത്തിന് അരി വിതരണം ചെയ്യുന്നതിലൂടെ കുട്ടികളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുകയാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി വി ശിവൻകുട്ടി.

4. ഓണക്കാലത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന ശക്തമാക്കിയതായി മന്ത്രി വീണാ ജോർജ്

5. ക്ഷീര കർഷകർക്ക് പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനം കേരളമാണെന്ന് മന്ത്രി ജെ.ചിഞ്ചുറാണി.

RNU TVPM

6. സംസ്ഥാനത്ത് അടുത്ത 7 ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

&&&&&&&&&&&&&&

പി എം-കൂടിക്കാഴ്ച നടത്തി

പ്രധാനമന്ത്രി നരേന്ദ്ര മോദി അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-യു.എ.ഇ ബന്ധം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും വിവിധ മേഖലകളിൽ തന്ത്രപരമായ പങ്കാളിത്തം വിശാലമാക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചും ഇരു നേതാക്കളും ചർച്ച ചെയ്തു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് അഞ്ച് കരാറുകളിലും ഒപ്പുവെച്ചു. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും അബുദാബി കിരീടാവകാശി കൂടിക്കാഴ്ച നടത്തി. തുടർന്ന് രാജ്ഘട്ടിലെത്തി മഹാത്മാഗാന്ധിക്ക് ശ്രദ്ധാഞ്ജലിയും

അർപ്പിച്ചു.നാളെ മുംബൈയിൽ നടക്കുന്ന വ്യവസായ പ്രമുഖരുടെ ബിസിനസ് ഫോറത്തിലും അൽ നഹ്യാൻ പങ്കെടുക്കും.

&&&&&&&&&&&&&&

ലോക ബാങ്ക് പ്രതിനിധികൾ

ലോക ബാങ്ക് വിദഗ്ദ്ധ സമിതി അംഗങ്ങൾ മുഖ്യമന്ത്രി പിണറായി വിജയനുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി. ഉന്നതവിദ്യാഭ്യാസ

മേഖലയിലെ കേരളത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന തിനാണ് ലോക ബാങ്ക് പ്രതിനിധികൾ എത്തിയത്. കേരളത്തിലേക്ക് വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്നതുമായി

RNU TVPM

ബന്ധപ്പെട്ട പദ്ധതിയിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലുമായി സഹകരിക്കാൻ ലോകബാങ്കിന് താല്പര്യമുള്ളതായി അവർ അറിയിച്ചു. പഠന നിലവാരം, ജോലിസാദ്ധ്യത എന്നിവ വർദ്ധിപ്പിക്കുന്നതും പാരിസ്ഥിതിക സുസ്ഥിരത, സാമൂഹ്യ നീതി എന്നിവ ഉറപ്പാക്കുന്നതുമായ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയുമായുള്ള സഹകരണം സർക്കാർ സ്വാഗതം ചെയ്യുന്നതായി മുഖ്യമന്ത്രി വ്യക്തമാക്കി. നാളെ ഡിജിറ്റൽ സർവ്വകലാശാലയും സി. ഇ. റ്റിയും സംഘം സന്ദർശിക്കും.

&&&&&&&&&&&&&&

<u>മന്ത്രി വി ശിവൻകുട്ടി</u>

RNU TVPM

സംസ്ഥാനത്തെ എല്ലാ സ്കൂൾ കുട്ടികൾക്കും ഓണത്തിന് 5 കിലോ അരി വീതം വിതരണം ചെയ്യുന്നത് കുട്ടികളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണെന്ന് മന്ത്രി വി ശിവൻകുട്ടി . സ്കൂൾ കുട്ടികൾക്ക് ഓണത്തിന് അഞ്ച് കിലോ അരിവിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കമലേശ്വരം ജി എച്ച് എസ് എസിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ഓണാവധി ആരംഭിക്കുന്നതിനു മുൻപായി അരി വിതരണം പൂർത്തീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ സപ്ലൈക്കോയുമായി ചേർന്ന് പൊതുവിദ്യാഭ്യാസവകുപ്പ് നടത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

<u>ഓണ വിപണി: ഭക്ഷ്യ സുരക്ഷാ പരിശോധന</u>

ഓണക്കാലത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ

സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പരിശോധനകൾ ശക്തമാക്കിയതായി മന്ത്രി വീണാ ജോർജ്. 45 പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചാണ് പരിശോധന. വീഴ്ചകൾ കണ്ടെത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഓണക്കാലത്ത് വിപണിയിൽ അധികമായെത്തുന്ന ഭക്ഷ്യ വിഭവങ്ങളുടെ ഉത്പാദന വിതരണ വില്പന കേന്ദ്രങ്ങളിലും, ചെക്ക് പോസ്റ്റുകളിലും പരിശോധനയുണ്ടാകും.

&&&&&&&&&&&&&&

## ഓണം - ആനുകൂല്യം

ഓണത്തോട് അനുബന്ധിച്ച് വിവിധ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ച് സംസ്ഥാന സർക്കാർ. ഗ്രാമീണ - നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ഓണം ഉത്സവബത്തയായി 1000 രൂപവീതം നൽകുമെന്ന് ധനവകുപ്പ് അറിയിച്ചു. ചെറുകിട കയർ സംഘം തൊഴിലാളികൾക്ക് ബോണസ് ഉറപ്പാക്കാൻ കയർ കോർപറേഷന് 10 കോടി രൂപ അനുവദിച്ചു. പൂട്ടികിടക്കുന്ന സ്വകാര്യ കയർ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യയായി 2000 രൂപ നൽകും. അങ്കണവാടി സേവന പദ്ധതികൾക്കായി 87.13 കോടി രുപയും കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കായി 30 കോടി രൂപയും ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് പ്രതിഫലം നൽകാനായി 19.81 കോടി രുപയും അനുവദിച്ചെന്ന് ധനവകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&

RNUTVPM

കോഴിക്കോട് (ഇൻട്രോ)

കോഴിക്കോട് നഗരത്തിൽ ഓണ വിപണി സജീവമായി. കൺസ്യൂമർ ഫെഡ് - സപ്ലൈക്കോ ഓണച്ചന്തകൾക്ക് പുറമേ കൈത്തറി വിപണന മേളകളും ആരംഭിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു........

(വോയിസ്)

&&&&&&&&&&&&&&&

മന്ത്രി ജെ.ചിഞ്ചുറാണി

ക്ഷീര കർഷകർക്ക് പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനം കേരളമാണെന്നും പാലിന്റെ ഗുണമേന്മയുടെ കാര്യത്തിലും കേരളം മുന്നിലാണെന്നും മന്ത്രി ജെ.ചിഞ്ചുറാണി. ഓണമധുരം 2024 പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി . കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ ക്ഷീരകർഷകർക്ക് 300 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ക്ഷീരകർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വഹിക്കുന്ന പങ്ക് അഭിനന്ദനാർഹമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&

RNU TVPM

## മെഡിസെപ്പ് പദ്ധതി

മെഡിസെപ്പ് പദ്ധതിയിൽ രണ്ടര വർഷത്തിനുള്ളിൽ 1,485 കോടി രൂപയുടെ ചികിത്സാ ആനുകൂല്യങ്ങൾ നൽകിയതായി മന്ത്രി K.N.ബാലഗോപാൽ. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കുമായാണ് ഇത്രയും തുകയുടെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയത്. ഇതിൽ 1,341 കോടി 12 ലക്ഷം രൂപ സ്വകാര്യ ആശുപത്രികളിലെ ചികിത്സകൾക്കും 87 കോടി 15 ലക്ഷം രൂപ സർക്കാർ ആശുപത്രകളിലെ ചികിത്സയ്ക്കുമാണ് നൽകിയതെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

&&&&&&&&&&&&&&

RNU TVPM

## പത്തനംതിട്ട ((ഇൻട്രോ)

പത്തനംതിട്ട ജില്ലയിലെ പട്ടികവർഗ സങ്കേതങ്ങളിൽ നിർബന്ധമായും കുടിവെള്ളം, വൈദ്യുതി, വഴി സൗകര്യം എന്നിവ ഉറപ്പുവരുത്തുന്നതിനു ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയതായി മന്ത്രി ഒ.ആർ കേളു. പത്തനംതിട്ട കളക്ടറേറ്റിൽ ചേർന്ന പട്ടികജാതി പട്ടികവർഗ പിന്നാക്കവിഭാഗ വകുപ്പിൻ്റെ ജില്ലാതല അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.........

(വോയിസ്)

&&&&&&&&&&&&&&

## മഴ

കേരള തീരം മുതൽ കർണാടക തീരം വരെരൂപപ്പെട്ട ന്യൂനമർദ്ദപാത്തി ദുർബലമായെങ്കിലും കേരളത്തിൽ അടുത്ത 7 ദിവസം വ്യാപകമായി ഇടത്തരം മഴയ്ക്ക് സാധ്യത. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നാളെ വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം , ഇടുക്കി, തൃശൂർ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&

## ജലവിതരണ പ്രശ്നം - ഡി.എം.ഒ

തിരുവനന്തപുരം ജില്ലയിൽ ജല വിതരണം തടസപ്പെട്ട സാഹചര്യത്തിൽ, നിലവിൽ ലഭ്യമാകുന്ന വെള്ളം സുരക്ഷിതമാണെന്ന് ഉറപ്പു വരുത്തണമെന്നും വെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ലഭ്യമാകുന്ന വെള്ളം ടാങ്കുകളിലോ വലിയ പാത്രങ്ങളിലോ ശേഖരിച്ച് ക്ലോറിനേറ്റ് ചെയ്യതിന് ശേഷം മാത്രം ഉപയോഗിക്കണം. കുടിവെള്ളം തിളപ്പിച്ചാറിയത് മാത്രം ഉപയോഗിക്കണം. ഹോട്ടലുകളിൽ ജ്യൂസുകൾ തയാറാക്കാൻ തിളപ്പിച്ചാറ്റിയ വെള്ളവും ശുദ്ധജലത്തിൽ തയാറാക്കിയ ഐസും മാത്രം ചേർക്കണമെന്നും ഡി.എം.ഒ അറിയിച്ചു.

&&&&&&&&&&&&&&

RNU TVPM

## ആർ ബിന്ദു

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും അഗതികളായ രോഗികളെ ഗാന്ധിഭവൻ ഏറ്റെടുക്കുന്നു. മന്ത്രി ഡോ. ബിന്ദുവിൻ്റെ നേതൃത്വത്തിൽ നാളെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ചാണ് ചടങ്ങ്.

&&&&&&&&&&&&&&

## മന്ത്രി ജി. ആർ അനിൽ

ഓണക്കാലത്ത് ഉണ്ടാകാനിടയുള്ള വിലക്കയറ്റം തടയാൻ ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് മന്ത്രി ജി. ആർ അനിൽ. മഞ്ഞ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും വയനാട് ദുരിതബാധിത മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും ഉള്ള സൗജന്യ ഓണക്കിറ്റിൻ്റെ സംസ്ഥാനതല വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സപ്ലൈകോ വഴിയുള്ള ഉൽപ്പന്ന വിതരണത്തോട് ജനങ്ങളുടെ ഭാഗത്തു നിന്നും നല്ല പ്രതികരണമാണുള്ളതെന്നും മന്ത്രി പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&

## തൊഴിൽ രജിസ്ട്രേഷൻ ക്യാമ്പ്

സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും കേരള നോളജ് ഇക്കോണമി മിഷനും ചേർന്ന് നടത്തുന്ന ന്യൂനപക്ഷ തൊഴിൽ രജിസ്ട്രേഷൻ ക്യാമ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി. അബ്ദുറഹ്മാൻ നാളെ നിർവ്വഹിക്കും. വയനാട് കൽപ്പറ്റയിൽ നടക്കുന്ന പരിപാടിയിൽ മന്ത്രി ഒ.ആർ.കേളു മുഖ്യാതിഥിയായിരിക്കും. പ്ലസ്ടു

കഴിഞ്ഞ ന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ക്യാമ്പിലെത്തി രജിസ്ട്രേഷൻ നടത്താം.

&&&&&&&&&&&&&&

**<u>എം പി മന്മഥൻ പുരസ്കാരം</u>**

അക്ഷയ പുസ്തകനിധി എബനേസർ എഡ്യൂക്കേഷണൽ പുരസ്കാരത്തിന് സാഹിത്യകാരൻ ടി പത്മനാഭൻ അർഹനായി. ഒരു ലക്ഷം രൂപയും ശില്പവും സാക്ഷ്യപത്രവുമടങ്ങുന്നതാണ് പുരസ്കാരം.

&&&&&&&&&&&&&&

<u>വഖഫ്</u>

RNU TVPM

വഖഫ് ഭേദഗതി ബിൽ 2024 ലെ വ്യവസ്ഥകൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം ക്രോഡീകരിക്കാൻ നാളെ കൊച്ചി കലൂരിലെ ഐഎംഎ ഹാളിൽ ശിൽപശാല നടക്കും. മന്ത്രി വി. അബ്ദുറഹിമാൻ ശിൽപശാല ഉദ്ഘാടനം ചെയ്യും. സംസ്ഥാന വഖഫ് ബോർഡ് ചെയർമാൻ എം.കെ. സക്കീർ അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&
&&&&&&&&
&&&